പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5268 06.02.2014 -ൽ മറുപടിക്ക്

ട്രാൻസ്പോർട്ട് ഭവനിലെ വൈദ്യുതി ഉപഭോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ട്രാൻസ്പോർട്ട് ഭവനിൽ കെ.എസ്. ആർ.ടി.സി.യുടെ ഓഫീസുകൾക്കാകെ വൈദ്യുതി ചാർജിനത്തിൽ എന്ത് തുക കഴിഞ്ഞ ഒരു വർഷം കെ.എസ്.ഇ.ബി.യ്ക്ക് നൽകിയിട്ടുണ്ട് ; | (എ) | ട്രാൻസ്പോർട്ട് ഭവനിൽ കെ.എസ്.ആർ. ടി.സി.യുടെ ഓഫീസുകളുടെ വൈദ്യുതി ചാർജിനത്തിൽ ഒരു വർഷം 23,66,818/- രൂപ നൽകുന്നുണ്ട്. |
| (ബി) | ഇവിടെ വൈദ്യുതി ഉപയോഗം കൂടുതലുള്ള എയർകണ്ടീഷണർ പോലുള്ള ഉപകരണങ്ങൾ എത്രയെണ്ണമുണ്ട് ; വിശദമാക്കുമോ ; | (ബി) | ഇവിടെ വൈദ്യുതി ഉപയോഗം കൂടുതൽ വേണ്ടി വരുന്നവയായി 20 എയർ കണ്ടീഷണറുകളും ഒരു വാട്ടർ കൂളറും 3 ലിഫ്റ്റുകളും പ്രവർത്തിക്കുന്നുണ്ട്. |
| (സി) | നിലവിലുള്ള വൈദ്യുതി ചാർജിനത്തിൽ ഗണ്യമായ കുറവ് വരുത്തുന്നതിന് ഇവിടെ സ്ഥാപിച്ചിട്ടുള്ള എയർകണ്ടീഷണർ പോലുള്ള ഉപകരണങ്ങളുടെ എണ്ണത്തിലും, ഉപയോഗത്തിലും കുറവ് വരുത്തുന്നതിനെക്കുറിച്ച് ഗൗരവപൂർവ്വം ആലോചിക്കുമോ ? | (സി) | അത്യാവശ്യം വേണ്ടുന്ന എയർകണ്ടിഷണറുകളും മറ്റ് ഉപകരണങ്ങളും മാത്രമാണ് ഇവിടെ ഉപയോഗിക്കുന്നത്. ഒഴിവ് സമയത്ത് മൂന്ന് ലിഫ്റ്റുകളുടെ ഉപയോഗത്തിൽ രണ്ടെണ്ണം മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ